(ബി) ഉണ്ടെങ്കിൽ പ്രീഡിഗ്രി ഇല്ലാതെ ആരംഭിച്ച മഞ്ചേരി യൂണിറ്റി വിമൻസ് കോളേജിന് മറ്റ് കോളേജുകൾക്ക് അനുവദിച്ചപോലെ പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ്;

(സി) മഞ്ചേരി യൂണിറ്റി കോളേജിൽ പുതിയ കോഴ്സുകൾ എന്ന് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുതൽ (സി) വരെ ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

എയ്ഡഡ്-അൺ · എയ്ഡഡ് മേഖലകളിലായി
അപ്ഗ്രേഡ് ചെയ്ത സ്ക്കൂളുകൾ

28 [325] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് മേഖലകളിൽ എത്ര സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സർക്കാർ സ്വീകരിച്ച മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കാമോ;

(സി) കുന്നമംഗലം നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ എത്ര സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതേ മണ്ഡലത്തിൽ ഇനിയും ഏതെല്ലാം സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) രണ്ട്. സർക്കാർ-1 (പാറത്തോട്, ഇടുക്കി ജില്ല), എയ്ഡഡ്-1 (തെരളായി, കണ്ണൂർ ജില്ല), അൺ എയ്ഡഡ് സ്ക്കൂളുകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ആദിവാസി തോട്ടം തൊഴിലാളി മേഖലയിൽ തുടർപഠനത്തിന് മറ്റ് സൗകര്യം ഇല്ലാത്തതുകൊണ്ട് ഇടുക്കി ജില്ലയിലെ പാറത്തോട് ഗവ. എൽ. പി. എസ്. (തമിഴ് മീഡിയം) യു. പി. സ്ക്കൂളായി അപ്ഗ്രേഡ് ചെയ്തു. കോടതിയുടെ പ്രത്യേക നിർദ്ദേശമനുസരിച്ചാണ് കണ്ണൂർ ജില്ലയിലെ തെരളായി മോപ്പിള എൽ. പി. സ്ക്കൂൾ യു. പി. സ്ക്കൂളായി അപ്ഗ്രേഡ് ചെയ്തത്. ഈ സ്ക്കൂളിന്റെ കാര്യത്തിൽ അധിക തസ്തികകൾ എല്ലാം പ്രൊട്ടക്റ്റഡ് ടീച്ചേഴ്സിനെവച്ച് മാത്രമേ നികത്താവൂവെന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) സ്ക്കൂളുകളൊന്നും അപ്ഗ്രേഡ് ചെയ്തിട്ടില്ല.

(ഡി) സംസ്ഥാനത്ത് സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നയപരമായ തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly